**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹനമിട്ട ചോദ്യം നം. 49** — **10-02-2025 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്ക് നിയമനക്കോഴ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. പി. ടി. എ. റഹീം | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ജില്ലയിൽ എൻ.എം. വിജയന്റെയും അദ്ദേഹത്തിന്റെ മകന്റെയും ആത്മഹത്യയ്ക്ക് ഇടയാക്കിയതായി പറയപ്പെടുന്ന സഹകരണ ബാങ്ക് നിയമനക്കോഴ സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | സഹകരണ വിജിലൻസ് ഓഫീസ് നോർത്ത് സോൺ ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്) കണ്ണൂർ, എറണാകുളം ജോയിന്റ് രജിസ്ട്രാർ (ജനറൽ) കാര്യാലയത്തിലെ ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) എന്നിവരുടെ നേതൃത്വത്തിൽ 2024 ഡിസംബർ 31, 2025 ജനുവരി 1 തീയതികളിൽ നടത്തിയ പ്രാഥമിക അന്വേഷണത്തിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്.<br><br>സുൽത്താൻബത്തേരി സഹകരണ അർബൻ ബാങ്ക് ക്ലിപ്തം നമ്പർ ഡി. 2034, സുൽത്താൻ ബത്തേരി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എൽ.എൽ. 11, പൂതാടി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.1011, മടക്കിമല സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.490, സുൽത്താൻബത്തേരി സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ക്ലിപ്തം നമ്പർ ഡബ്ള്യു. 299 സംഘങ്ങളിൽ ചട്ടവിരുദ്ധമായി നിയമനങ്ങൾ നടന്നിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ എൻ. എം. വിജയന് സുൽത്താൻ ബത്തേരി അർബൻ സഹകരണ ബാങ്കിൽ 63.72 ലക്ഷം രൂപ വായ്പാ ബാധ്യതയും, സുൽത്താൻ ബത്തേരി സർവീസ് സഹകരണ ബാങ്കിൽ 29.49 ലക്ഷം രൂപ സ്വന്തം പേരിലും, മകന്റെ പേരിലുള്ള ജാമ്യത്തിൽ 11.26 ലക്ഷം രൂപയും വായ്പാ ബാധ്യത നിലവിലുണ്ടെന്നും പ്രാഥമിക റിപ്പോർട്ടിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | പ്രാഥമിക അന്വേഷണ റിപ്പോർട്ടിൽ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | സഹകരണ വിജിലൻസ് ഓഫീസ് നോർത്ത് സോൺ ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്) കണ്ണൂർ, എറണാകുളം ജോയിന്റ് രജിസ്ട്രാർ (ജനറൽ) കാര്യാലയത്തിലെ ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) |

| | | | |
|---|---|---|---|
| | | | എന്നിവരുടെ നേതൃത്വത്തിൽ 2024 ഡിസംബർ 31, 2025 ജനുവരി 1 തീയതികളിൽ നടത്തിയ പ്രാഥമിക അന്വേഷണത്തിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്.<br><br>സുൽത്താൻബത്തേരി സഹകരണ അർബൻ ബാങ്ക് ക്ലിപ്തം നമ്പർ ഡി. 2034, സുൽത്താൻ ബത്തേരി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എൽ.എൽ. 11, പൂതാടി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.1011, മടക്കിമല സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.490, സുൽത്താൻബത്തേരി സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ക്ലിപ്തം നമ്പർ ഡബ്ള്യു. 299 സംഘങ്ങളിൽ ചട്ടവിരുദ്ധമായി നിയമനങ്ങൾ നടന്നിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ എൻ. എം. വിജയന് സുൽത്താൻ ബത്തേരി അർബൻ സഹകരണ ബാങ്കിൽ 63.72 ലക്ഷം രൂപ വായ്പാ ബാധ്യതയും, സുൽത്താൻ ബത്തേരി സർവീസ് സഹകരണ ബാങ്കിൽ 29.49 ലക്ഷം രൂപ സ്വന്തം പേരിലും, മകന്റെ പേരിലുള്ള ജാമ്യത്തിൽ 11.26 ലക്ഷം രൂപയും വായ്പാ ബാധ്യത നിലവിലുണ്ടെന്നും പ്രാഥമിക റിപ്പോർട്ടിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | കേരള സഹകരണ നിയമത്തിലെ വകുപ്പ് 66(1) പ്രകാരമുള്ള അന്വേഷണത്തിന് സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ ഉത്തരവിറക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (സി) | സുൽത്താൻ ബത്തേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശ്രീ.കെ.കെ.ജമാൽ - നെ ആരോപിത സംഘങ്ങളിൽ കേരള സഹകരണ നിയമം വകുപ്പ് 66(1) പ്രകാരം പരിശോധന നടത്തുന്നതിന് നിയോഗിച്ചുകൊണ്ട് സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | എൻ.എം. വിജയന്റെ ആത്മഹത്യാക്കുറിപ്പിലെ വിവരങ്ങൾ പ്രാഥമിക അന്വേഷണ റിപ്പോർട്ടിൽ സ്ഥിരീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ഡി) | എൻ.എം.വിജയന്റെ ആത്മഹത്യാക്കുറിപ്പിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ക്രിമിനൽ നിയമ പ്രകാരം അന്വേഷണം നടക്കുന്നുണ്ട്. |
| (ഇ) | ഏതെല്ലാം ബാങ്കുകളിൽ എന്നുമുതൽ നടത്തിയിട്ടുള്ള നിയമനങ്ങളാണ് അന്വേഷണത്തിന്റെ പരിധിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (ഇ) | താഴെ പറയുന്ന ബാങ്കുകളിൽ, 2016 ന് ശേഷം നടത്തിയ നിയമനങ്ങളാണ് അന്വേഷണത്തിന്റെ പരിധിയിൽ ഉൾകൊള്ളിച്ചിട്ടുള്ളത്.<br><br>1. സുൽത്താൻബത്തേരി സഹകരണ അർബൻ ബാങ്ക് ക്ലിപ്തം നമ്പർ ഡി.2034<br><br>2. സുൽത്താൻ ബത്തേരി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എൽ.എൽ.11<br><br>3. പൂതാടി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.1011 |

| | | | |
|---|---|---|---|
| | | | 4. മടക്കിമല സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.490<br><br>5. സുൽത്താൻബത്തേരി സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ക്ലിപ്തം നമ്പർ ഡബ്ള്യൂ.299 |
| (എഫ്) | പ്രസ്തുത നിയമനക്കോഴ വിവാദത്തിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ വിശദാംശം ലഭ്യമാക്കുമോ? | (എഫ്) | കേരള സഹകരണ നിയമം വകുപ്പ് 66(1) പ്രകാരമുള്ള അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. ആയതിൻ പ്രകാരമുള്ള റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് മാത്രമേ വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ